# ആര്യവേപ്പ്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ആര്യാവേപ്പിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാവുന്നിടത്തോളം എഴുതുന്നു:

ഇതിന്റെ എല്ലാ ഭാഗങ്ങളും വളരെയധികം ഔഷധ മൂല്യമുള്ളതാണ്. ഇലകൾ, കായ, പൂവ്, പട്ട ഇവയെല്ലാം വളരെ ഔഷധമൂല്യമുള്ളതാണ്. ഗവേഷകർ പറയുന്നത്: ഫംഗസ്, വൈറസ്, ബാഷ്ടീറിയ എന്നിവയെ പ്രതിരോധിക്കാൻ ഇതിന് കഴിവുണ്ട്. പ്രമേഹത്തിനെതിരെയും പ്രവർത്തിക്കാൻ ഇതിന് കഴിയും.

അണുബാധയെ ചെറുക്കാൻ വേപ്പിലയിട്ട് തിളപ്പിച്ചാറിയ വെള്ളം അത്യുത്തമമാണ്. അസഹനീയമായ ചൊറിച്ചിൽ, വരട്ട ചൊറി മൂലമുണ്ടാകുന്ന ചുവന്ന പാടുകൾ ഇത്യാദി കാര്യങ്ങൾക്ക് വളരെ പ്രയോജനപ്രദമാണിത്.

ഹൈപ്പർ ഹസിഡിറ്റിക്കു പ്രതിവിധിയായി ഇതുപയോഗിക്കാറുണ്ട്. അസിഡിറ്റി മൂലമുണ്ടാകുന്ന അസ്വസ്ഥകൾക്കും ഇത് ശമനം നൽകും. കുടലിലുണ്ടാകുന്ന പുഴുക്കളെ നശിപ്പിക്കുന്നതിന് വളരെ നല്ലതാണിത്. ദഹനത്തിന് ഫലപ്രദമാണ് വേപ്പില കഴിക്കുന്നത്.

ഗ്ലൂക്കോസിന്റെ അളവു ക്രമപ്പെടുത്തുന്നതിനും പ്രമേഹം തടയുന്നതിനും ഇത് വളരെ നല്ലതാണ്.

രോഗപ്രതിരോധശക്തി വദ്ധിപ്പിക്കുന്നതിനും, രക്തത്തിലെ വിഷാംശം നീക്കുന്നതിനും, രക്തശുദ്ധിക്കും ഇത് സഹായിക്കും.

വേപ്പിലടങ്ങിയിരിക്കുന്ന പോളിസാക്കറൈഡ്സ്, കേറ്റ്ചിൻ, ലിമണോയ്ഡ്സ് എന്നിവ വേദന സംഹാരിയായി പ്രവർത്തിക്കാറുണ്ട്. വേപ്പെണ്ണ ഉപയോഗിച്ച് മസാജ് ചെയ്യുന്നതുകൊണ്ട് സന്ധികൾക്കുണ്ടാകുന്ന വേദന, നീര് എന്നിവ കുറയ്ക്കുന്നതിന് പ്രയോജനകരമാണ്. കൂടാതെ സന്ധിവാതം പ്രതിരോധിക്കുകയും ചെയ്യുന്നു.

ശ്വാസത്തിലെ ദുഗ്ന്ധം, പല്ലിനുണ്ടാകുന്ന കേട് ബ്ലീഡിംഗ് എന്നിവ അകറ്റുന്നതിന് വേപ്പിന്റെ കമ്പുകൾ മുറിച്ചെടുത്ത് അറ്റം ചതച്ച് പല്ലു തേച്ചാൽ സാധിക്കും. കൂടാതെ തമ്പൂലം പല്ലിന്റെ വെള്ളനിറം നിലനിത്താൻ സഹായിക്കുമെന്ന് പറയപ്പെടുന്നു. അങ്ങിനെ ദന്തസംരക്ഷണത്തിന് അത്യുത്തമമാണെന്ന് അറിയുന്നു.

ബാക്ടീരിയാ, വൈറസ് എന്നിവയ്ക്കെതിരെ പോരാടാനുള്ള ശക്തി വേപ്പെണ്ണയ്ക്കുണ്ടെന്ന് മനസ്സിലാകുന്നുണ്ട്.

കോളൻക്യാൻസർ കോശങ്ങളെ നശിപ്പിക്കുമെന്നും, ലിംഫോസൈറ്റിക്ക് ലുക്കോമിയ തടയാനുള്ള കഴിവും വേപ്പിനുണ്ട്. രോഗപ്രതിരോധശക്തി വദ്ധിപ്പിക്കാനുള്ള കഴിവ് വേപ്പിലടങ്ങിയിരിക്കുന്ന പ്രോട്ടീനുണ്ടെന്ന് അറിയുന്നു. ക്യാൻസറിനെ പ്രതിരോധിക്കുമെന്നും, ക്യാൻസർ മുഴകളുടെ വളച്ച് തടയുന്നതിന് സഹായമെന്നും കേൾക്കുന്നുണ്ട്.

ലൈഗികരോഗങ്ങളെ പ്രതിരോധിക്കാൻ കഴിവുണ്ട്.

അകാലനര, വരണ്ടമുടി, മുടികൊഴിച്ചിൽ എന്നിവയെ പ്രതിരോധിക്കുകയും കൂടാതെ മുടിക്കു തിളക്കവും ആരോഗ്യവും നൽകി മുടിയുടെ ആരോഗ്യത്തിന് ഇത് വളരെ ഫലപ്രദമാണെന്ന് അറിയപ്പെടുന്നു.

മലേറിയ വാഹകരമായ കൊതുകുകളെ നശിപ്പിക്കുന്നതിന് ഇത് അത്യുത്തമാണ്. ഇത് പ്രകൃതിദത്ത കീടനാശിനി തയാറാക്കാൻ ഉപയോഗപ്പെടുത്താം.

വരണ്ട ചമ്മം, താരൻ. ചുളിവുകൾ, ചമ്മത്തിലുണ്ടാകുന്ന വ്രണങ്ങൾ എന്നിവയ്ക്കെല്ലാം പ്രതിവിധിയായി വേപ്പില ഉപയോഗിക്കാമെന്ന് അറിയപ്പെടുന്നു. മുഖത്തെ പാടുകൾ മാറ്റുന്നതിന് വേപ്പിലയും മഞ്ഞളും ചേത്തരച്ച് പുരട്ടുന്നത് ഉപകരിക്കുമെന്ന് അറിവുള്ളതാണ്. കൂടാതെ മുഖക്കുരു മാറ്റുന്നതിന് /കുറയ്ക്കുന്നതിന് ഇത് ഗുണം ചെയ്യും.